പത്രക്കുറിപ്പ്
06/11/2017

# കുടുംബശ്രീ നൈപുണ്യ പരിശീലനം വഴി അട്ടപ്പാടിയിൽ 38 യുവാക്കൾക്ക് തൊഴിൽ

തിരുവനന്തപുരം: അട്ടപ്പാടിയിലെ യുവജനതയ്ക്ക് പുതു ജീവിത മാർഗ്ഗങ്ങൾ തുറന്ന് കൊടുത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) നൈപുണ്യ പരിശീലന പദ്ധതിയുടെ ആദ്യ ബാച്ചിലെ 38 ആദിവാസി യുവാക്കൾക്ക് തൊഴിൽ ലഭിച്ചു. അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന അട്ടപ്പാടി പ്രത്യേക പദ്ധതിയുടെ ഭാഗമായി ഈ വർഷം മേയ് 29 മുതൽ ആണ് ഡിഡിയുജികെവൈ പരിശീലന പരിപാടി ആരംഭിച്ചത്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ഉറപ്പ് വരുത്തുന്ന കേന്ദ്ര പദ്ധതിയാണ് ഡിഡിയുജികെവൈ. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലായി നടത്തുന്ന ഈ പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

അസിസ്റ്റന്റ് പ്ലംബർ, ഡൊമസ്റ്റിക് ഇലക്ട്രീഷ്യൻ എന്നീ രണ്ട് ട്രേഡുകളിലായി ആകെ 70 പേരാണ് പരിശീലനത്തിനായി ചേർന്നത്. ഇതിൽ 64 പേർ പരിശീലനം പൂർത്തിയാക്കി. പ്ലംബർ വിഭാഗത്തിൽ 26 പേർക്കും ഇലക്ട്രീഷ്യൻ ട്രേഡിൽ 12 പേർക്കുമാണ് ഇതുവരെ തൊഴിൽ ലഭിച്ചത്. എൻസിവിടിയുടെ (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്) അംഗീകാരമുള്ള ഈ ട്രേഡുകളിൽ പരിശീലിച്ച ശേഷിച്ച വിദ്യാർത്ഥികൾ തൊഴിൽ അഭിമുഖങ്ങളിലും മറ്റും പങ്കെടുത്തുവരുന്നു. പ്രധാന വിഷയങ്ങൾക്ക് പുറമേ സോഫ്ട് സ്കിൽസ്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ സ്കിൽസ് എന്നിവയിലും പരിശീലനം നൽകി. 104 പ്രവർത്തി ദിനങ്ങൾ കൊണ്ടാണ് ക്ലാസ്സുകൾ പൂർത്തിയാക്കിയത്.

പാഠ്യപദ്ധതിയിൽ നിഷ്കർഷിച്ചതനുസരിച്ച് ഇലക്ട്രീഷ്യൻ വിഭാഗത്തിൽ 832 മണിക്കൂറും പ്ലംബിങ് വിഭാഗത്തിൽ 695 മണിക്കൂറുമാണ് ക്ലാസ്സുകൾ നൽകിയത്. 18നും 35നും ഇടയിൽ പ്രായമുള്ളവരാണ് ഇവിടെ പരിശീലനം നേടിയത്. രണ്ടാം ബാച്ച് വിദ്യാർത്ഥികളുടെ പരിശീലനവും ആരംഭിച്ചു കഴിഞ്ഞു. ഇലക്ട്രീഷ്യൻ ട്രേഡിൽ 20 പേരും പ്ലംബിങ്ങിൽ 15 പേരുമാണ് ഇപ്പോൾ പരിശീലനം നേടി വരുന്നത്. ക്ലാസ്സുകൾ നടത്തുന്നത് അട്ടപ്പാടിയിൽ അഗളിയിലുള്ള കിലയുടെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) കെട്ടിടത്തിലാണ്.

2016 മുതൽ 2019 വരെയുള്ള കാലയളവിൽ 52000 യുവതീയുവാക്കൾക്ക് ഡിഡിയുജികെവൈ വഴി തൊഴിൽ പരിശീലനം നൽകാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. 55 വ്യത്യസ്ത തൊഴിൽ മേഖലകളിൽ ഇപ്പോൾ പരിശീലനം നൽകി വരുന്നു. പരിശീലനം നേടുന്നവരിൽ 70 ശതമാനം പേർക്കും ജോലി ഉറപ്പാക്കുന്ന ഈ പദ്ധതി പ്രകാരം കേരളത്തിൽ ഇതുവരെ 20493 പേർക്ക് പരിശീലനം നൽകി, അതിൽ 14458 പേർക്ക് ജോലിയും ലഭിച്ചു. ഇതാദ്യമായാണ് ആദിവാസി മേഖലയിൽ അവർക്ക് മാത്രമായി പ്രത്യേക നൈപുണ്യ പരിശീലന പരിപാടി നടത്തുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ